# "...കർത്താവിൽ കഠിനാധ്വാനം ചെയ്യുന്നവർ..."

## (റോമാ 16, 12)

# വിചിന്തനം

ഫെബ്രുവരി 2025

ദൈവിക ശുശ്രൂഷയ്ക്കായി തങ്ങളെത്തന്നെ ഭരമേല്പിച്ച സ്ത്രീകളടക്കമുള്ള നിരവധി ശിഷ്യരെ അഭിവാദനം ചെയ്തുകൊണ്ടാണ് വിശുദ്ധ പൗലോസ് റോമാക്കാർക്കുള്ള ലേഖനം അവസാനിപ്പിക്കുന്നത്. (റോമ. 16,1-16). അവരേയും അവരുടെ പ്രവർത്തനങ്ങളേയും വിശദീകരിക്കാൻ പൗലോസ് ഉപയോഗിച്ച പദപ്രയോഗങ്ങൾ ശ്രദ്ധേയമാണ്: 'ജീവൻ പണയപ്പെടുത്തി', 'കഠിനാധ്വാനം ചെയ്ത', 'അപ്പസ്തോലഗണത്തിലെ പ്രമുഖർ', 'ക്രിസ്തുവിൽ അംഗീകൃതമായ' തുടങ്ങിയവ. അവരുടെ സ്നേഹവും പിന്തുണയും പൗലോസിന്റെ ശുശ്രൂഷയെ വളരെയധികം പ്രചോദിപ്പിച്ചിരിക്കണം. എ.ഡി. 50കളുടെ മധ്യത്തിലാണ് ഈ ലേഖനം എഴുതപ്പെട്ടത്. അധികം താമസിയാതെതന്നെ സഭ നീറോ ചക്രവർത്തിയുടെ ക്രൂരമായ പീഡനങ്ങൾക്കു വിധേയമാകുന്നുണ്ട്. ഈ അധ്യായത്തിൽ പരാമർശിക്കപ്പെടുന്ന കുറേപ്പേരെങ്കിലും യേശുവിനെയും പൗലോസിനെയുംപോലെ, സ്നേഹിതർക്കുവേണ്ടി ജീവൻ ബലികഴിച്ചുകൊണ്ടു തങ്ങളുടെ വിശ്വാസത്തെ പൂർണതയിലെത്തിച്ചു.

നമ്മുടെ ജീസസ് യൂത്ത് കൂട്ടായ്മയിലെ ഒരാൾ അതിലെ അംഗങ്ങളെക്കുറിച്ച് വർണ്ണിച്ചുകൊണ്ട് ഒരു കത്തെഴുതിയെന്നു വിചാരിക്കുക. അതിൽ നിങ്ങളെ എങ്ങിനെയായിരിക്കും വിവരിക്കുക? വിശ്വാസത്താൽ കർമനിരതരായി വേറിട്ടുനില്ക്കുന്നവരിൽ നിങ്ങൾ ഉൾപെടുമോ? പൗലോസ് വിവരിച്ചിരിക്കുന്ന ശിഷ്യരെല്ലാം പാപത്തിൽനിന്ന് തങ്ങളെ വിടുവിച്ച ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ചവരാണ്. സുവിശേഷദീപ്തി തങ്ങളുടെ ഹൃദയത്തിലെ അന്ധകാരം തുടച്ചുനീക്കിയത് അനുഭവിച്ച അവർ ദൈവികതീക്ഷ്ണതയിൽ ജ്വലിച്ചു. അവരെപ്പോലെതന്നെ നമ്മളും ക്രിസ്തുവിന്റെ സ്നേഹം അനുഭവിച്ചവരല്ലേ? എന്നിരുന്നാലും, ശ്ലീഹാ തുടർന്നു പറയുന്നപോലെ, ചിലർ വ്യത്യസ്തമായാണ് പ്രതികരിച്ചത്. അത്തരം പ്രവൃത്തികൾ പിളർപ്പുകൾക്കും ദുർമാതൃകകൾക്കും ബുദ്ധിമുട്ടുകൾക്കും കാരണമായി (17, 18). സുവിശേഷം എപ്പോഴും രണ്ടു തരത്തിലുള്ള പ്രതികരണങ്ങൾ ഉളവാക്കുന്നു.

മറിയം, പേർസിസ്, റൂഫസ് ... ഇവരെയൊക്കെ പോലെ നാമെല്ലാവരും പ്രതിബദ്ധതയോടെ പ്രതികരിച്ചാൽ നമ്മുടെ ജീസസ് യൂത്ത് കൂട്ടായ്മകൾ എത്ര സമ്പന്നമായിരിക്കും! വിശേഷിച്ച് 2033-ാം ആണ്ടിൽ സാർവത്രിക സഭയോടൊപ്പം യേശുവിന്റെ മരണത്തിന്റെയും പുനരുത്ഥാന ത്തിന്റെയും രണ്ടായിരാം വാർഷികം ആഘോഷിക്കാൻ ജീസസ് യൂത്ത് ഒരുങ്ങുമ്പോൾ, 'കർത്താവിൽ കഠിനാധ്വാനം' ചെയ്യാനും എല്ലാ ജനതകളെയും ശിഷ്യരാക്കാനുമുള്ള നമ്മുടെ ദൗത്യത്തെ ഗൗരവത്തോടെ സമീപിക്കേണ്ടതല്ലേ?

ലൊയോളയിലെ വിശുദ്ധ ഇഗ്നേഷ്യസ്, തന്റെ 'ആദ്ധ്യാത്മികസാധന' എന്ന കൃതിയിൽ ക്രൂശിതനായ യേശുവിന്റെ മുമ്പിൽ നിന്നുകൊണ്ട് മൂന്നു ചോദ്യങ്ങൾ ധ്യാനവിഷയമാക്കാൻ നമ്മെ ക്ഷണിക്കുന്നു: 'ക്രിസ്തുവിനുവേണ്ടി ഞാൻ എന്താണു ചെയ്തത്?' 'ക്രിസ്തുവിനുവേണ്ടി ഞാൻ എന്താണു ചെയ്യുന്നത്?' 'ക്രിസ്തുവിനുവേണ്ടി ഞാൻ എന്താണു ചെയ്യേണ്ടത്?' ഈ ചോദ്യങ്ങൾ ധ്യാനിക്കുമ്പോൾ, എന്താണ് എന്റെ ഹൃദയത്തിൽ അനുഭവപ്പെടുന്നത്? അവന്റെ കൃപയുമായി സഹകരിച്ച് അക്ഷീണം പ്രയത്നിച്ച നാളുകളെ ഓർത്തുള്ള നന്ദിയോ, അതോ നഷ്ടപ്പെട്ട അവസരങ്ങളെ ഓർത്തുള്ള ദുഃഖവും പശ്ചാത്താപവുമോ?

കുരിശിന്റെ ചുവട്ടിൽ നിന്ന് എപ്പോഴെങ്കിലും എന്റെ ഹൃദയം ഉറച്ചതും അചഞ്ചലവുമായ ഒരു തീരുമാനമെടുത്തിട്ടുണ്ടോ? ആ പ്രതിബദ്ധത അനുദിനം പുതുക്കാൻ സഹായിക്കുന്ന ദൈവാത്മാവിനെ ആശ്രയിക്കുന്നതിൽ സ്ഥിരതയുള്ളവനാണോ ഞാൻ? അതോ സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ എന്റെ ഹൃദയം ദുർബലമാവുകയും ഭാരപ്പെട്ടിരിക്കുകയുമാണോ? (ലൂക്കാ 21,34)

പൗലോസ് പരാമർശിക്കുന്ന സ്ത്രീപുരുഷന്മാർ സാധാരണവ്യക്തികളായിരുന്നു. എന്നാൽ ധീരമായ തിരഞ്ഞെടുപ്പുകളിലൂടെ അവർ അസാധാരണ വ്യക്തിത്വങ്ങളുടെ ഉടമകളായി. ഇതേ സാധ്യത നമ്മുടെ ഉള്ളിലും കുടികൊള്ളുന്നു. മൃദുവായി ദൈവാത്മാവ് നമ്മിൽ മന്ത്രിക്കുന്നു, 'മറ്റെല്ലാറ്റിനുമുപരിയായി ആദ്യം ദൈവത്തിന്റെ രാജ്യം നീ അന്വേഷിക്കുമോ?'

കർത്താവിൽ കഠിനാധ്വാനം ചെയ്യുന്നതിനു സജ്ജരാകാൻ നമ്മുടെ കഴിവുകളെയും വരങ്ങളെയും കണ്ടെത്തി പരിപോഷിപ്പിക്കുകയും ക്രിസ്തുവിനെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ നമ്മെ നയിക്കുന്ന ഉപവി എന്ന പുണ്യത്തിൽ വളരുകയും വേണം. ക്രിസ്തുവിനു മാത്രം നല്കാൻ സാധിക്കുന്ന രക്ഷയിലേക്ക് ജനത്തെ നയിക്കാൻ തക്കവിധം നമ്മുടെ മിനിസ്ട്രികൾ സുസജ്ജമാകേണ്ടേ? ലക്ഷ്യബോധത്തോടെ, കാര്യക്ഷമമായി സമയം വിനിയോഗിച്ചുകൊണ്ട് സ്ഥിരതയോടെ കർമനിരതരാകാം. 'ഈ ലക്ഷ്യം പ്രാപിക്കുന്നതിന് വേണ്ടി അവൻ എന്നിൽ ശക്തിയായി ഉണർത്തുന്ന ശക്തി കൊണ്ട് ഞാൻ കഠിനമായി അധ്വാനിക്കുന്നു' (കൊളോ 1, 29) എന്നു പ്രഖ്യാപിച്ച പൗലോസ് ശ്ലീഹാ തന്നെയാണ് നമ്മുടെ മാതൃക. ചില അധ്വാനങ്ങൾ നമ്മെ തളർത്തുന്നു; മറ്റുചിലതാകട്ടെ, നമുക്ക് ഉന്മേഷം നല്കുന്നു. 'കർത്താവിൽ' എന്ന പദപ്രയോഗം ഓർമപ്പെടുത്തുന്നത് നമ്മെ ശക്തിപ്പെടുത്തുന്ന ദൈവകൃപയിൽ സദാ ആശ്രയിക്കാനാണ്. നമ്മിലൂടെ പ്രവർത്തിക്കാൻ ദൈവത്തെ അനുവദിക്കാതെ, സ്വന്തം ബുദ്ധിയിലും ശക്തിയിലും ആശ്രയിച്ചു ശുശ്രൂഷ ചെയ്യുമ്പോഴാണ് നാം പലപ്പോഴും ക്ഷീണിതരും മടുപ്പനുഭവിക്കുന്നവരുമാകുന്നത്. എന്നാൽ, ദൈവികപ്രേരണകൾക്കനുസരിച്ച് കഠിനമായി അധ്വാനിക്കാൻ മുൻപേ പോയ പൗലോസും മറ്റു വിശുദ്ധരും നമുക്കു മാതൃകയാകുന്നു.

പൗലോസിന്റെ സമർപ്പണവും മാതൃകയും അവന്റെ ചുറ്റുമുള്ളവരെ കഠിനാധ്വാനത്തിനു പ്രചോദിപ്പിച്ചപോലെ നമ്മുടെ തീക്ഷ്ണതയും അഭിനിവേശവും മറ്റുള്ളവരേയും പ്രചോദിപ്പിക്കില്ലേ? ചുരുക്കം ചിലർ മാത്രമേ പൗലോസിനെപ്പോലെ മുഴുവൻ സമയശുശ്രൂഷയ്ക്കു വിളിക്കപ്പെടുന്നുള്ളൂ. എന്നാൽ, നമുക്കെല്ലാവർക്കും മാതൃകയാക്കാവുന്നവരാണ് ഈ വചനഭാഗം എടുത്തുകാട്ടുന്ന ഓരോരുത്തരും. നമ്മുടെ കുടുംബങ്ങളിലും കാര്യാലയങ്ങളിലും കൂട്ടായ്മകളിലും കർത്താവ് ഭരമേല്പിച്ച ദൗത്യത്തിൽ ശ്രദ്ധയൂന്നി ജീവിക്കാൻ അവൻ നമ്മെ വിളിക്കുന്നു. ഇതിനു നമ്മുടെ ഉത്തരവാദിത്വങ്ങൾ ബോധപൂർവം വിവേകത്തോടെ കൈകാര്യം ചെയ്യുന്നതിനോടൊപ്പം ദൈവകൃപയിൽ തീവ്രാധ്വാനം ചെയ്യുകയും വേണം. വിശുദ്ധ ജോൺ പോൾ രണ്ടാമൻ ഓർമിപ്പിക്കുന്നു, 'അവന്റെ ആവശ്യങ്ങളുടെ ത്രീവതയെ ഭയപ്പെടരുത്... നിനക്ക് അധികം നല്കാൻ സാധിക്കുമെന്നു അറിയാവുന്നതുകൊണ്ടാണ് അവൻ അധികം ആവശ്യപ്പെടുന്നത്.'